# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 979

05/03/2018-ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക്സെൽ

ചോദ്യം | ഉത്തരം

| ശ്രീ.എൻ.ഷംസുദ്ദീൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക്സെല്ലിൽ ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിക്കാത്തതുമൂലം ഫയലുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർചെക്ക് സെല്ലിൽ സൂപ്പർ ചെക്ക് ഓഫീസർ, അസിസ്റ്റന്റ് സൂപ്പർചെക്ക് ഓഫീസർ, സീനിയർ സൂപ്രണ്ട് എന്നിവരുടെ ഓരോ തസ്തികയും, ക്ലാർക്കുമാരുടെ 3 തസ്തികയും ഓഫീസ് അറ്റൻഡന്റിന്റെ ഒരു തസ്തികയുമാണ് നിലവിലെ അംഗീകൃത കേഡർ നില. അതിൽ ഒരു ക്ലാർക്ക് 05.12.2017 ൽ മാതൃ ജില്ലയിലേക്ക് സ്ഥലം മാറി പോയിരുന്നു. പ്രസ്തുത തസ്തികയിൽ 27.02.2018 ന് പുതിയ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെക്ഷനിൽ എത്ര ജീവനക്കാരുണ്ടെന്നും, നിലവിൽ എത്ര ജീവനക്കാരുടെ കുറവ് ഉണ്ടെന്നുമുള്ള വിശദ വിവരം നൽകുമോ; | (ബി) | (പട്ടിക താഴെ) |

| ക്രമ നം. | തസ്തികയുടെ പേര് | അനുവദനീയ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂപ്പർചെക്ക് സെൽ ഓഫീസർ | 1 | 1 |
| 2 | അസിസ്റ്റന്റ് സൂപ്പർചെക്ക് സെൽ ഓഫീസർ | 1 | 1 |
| 3 | സീനിയർ സൂപ്രണ്ട് | 1 | 1 |
| 4 | ക്ലാർക്ക് | 3 | 3 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 | 1 (പ്രസവാവധിയോടനുബന്ധിച്ച ശൂന്യവേതനാവധിയിൽപ്രവേശിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സൂപ്പർ ചെക്ക്സെല്ലിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിച്ച്, തീർപ്പാകാതെയുള്ള ഫയലുകളിൽ യഥാസമയം തീർപ്പു കൽപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നിലവിൽ എല്ലാ തസ്തികയിലും ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നുണ്ട്. അതിനാൽ തീർപ്പാക്കാത്ത ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ